**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5889** **16-03-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്ഥാപനങ്ങളുടെ തനത് വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം ചെലവഴിക്കുന്നതിനുള്ള മാനദണ്ഡങ്ങളും ഏതൊക്കെ പദ്ധതികൾക്ക് പ്രസ്തുത തുക ഉപയോഗിക്കാമെന്നും വിശദമാക്കാമോ; | (എ) | 1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പുകൾ 166, 172, 173, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 30(1) എന്നിവ പ്രകാരം യഥാക്രമം ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ, നഗരഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഏൽപ്പിച്ചുകൊടുത്തിട്ടുള്ള ചുമതലകൾ എല്ലാം അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കാവുന്നതാണ്. കൂടാതെ തനത് ഫണ്ട് ഉപയോഗിക്കുന്നതിന് അതത് സമയങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഇനങ്ങൾക്കും തനത് ഫണ്ട് വിനിയോഗിക്കാവുന്നതാണ്. പഞ്ചായത്ത് ഏർപ്പെട്ടിട്ടുള്ള കരാർ അനുസരിച്ച് തിരിച്ചു കൊടുക്കേണ്ട കടങ്ങൾ സംബന്ധിച്ചുള്ള തുകകളും, വോട്ടർ പട്ടിക തയ്യാറാക്കുന്നതിനും തെരഞ്ഞെടുപ്പുകൾ നടത്തുന്നതിനുള്ള ചെലവ് ഉൾപ്പെടെയുള്ള തെരഞ്ഞെടുപ്പ് ചെലവുകളും, തദ്ദേശ സ്ഥാപനത്തിന്റെ ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും ശമ്പളവും അലവൻസും പെൻഷനും പെൻഷന്റെ അംശാദായവും ഗ്രാറ്റിവിറ്റിയും പ്രൊവിഡന്റ് ഫണ്ട് അംശാദായങ്ങളും പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും അംഗങ്ങൾക്കും കൊടുക്കാനുള്ളതായ ബത്തകളും, ഒരു കോടതിയുടെ ഏതെങ്കിലും ഉത്തരവ് പ്രകാരം കൊടുക്കേണ്ട തുകയും, പഞ്ചായത്ത് രാജ് ആക്ടിനാലോ മറ്റേതെങ്കിലും നിയമത്താലോ നിർബന്ധമാക്കിയിട്ടുള്ള ഏതെങ്കിലും ചെലവുകളും പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്. |
| (ബി) | തനത് വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം തുക അതത് സ്ഥാപനങ്ങൾക്ക് നിരന്തര വരുമാനദായകമായ പദ്ധതികൾക്ക് മൂലധനമായി ഉപയോഗിക്കാൻ നിർബന്ധമാക്കുന്നതിന് ചട്ടം ഭേദഗതി വരുത്താമോ; | (ബി) | ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും പ്രാദേശിക സാഹചര്യം കണക്കിലെടുത്ത് വരുമാനദായക പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. ഇതിന് നിശ്ചിത ശതമാനം തുക നീക്കി വയ്ക്കേണ്ടതില്ല. |

| | | | |
|---|---|---|---|
| (സി) | വരുമാനദായകമായ പദ്ധതികൾ കൂടുതൽ സ്ഥാപിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സ്വയംപര്യാപ്തമാക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിക്കാമോ? | (സി) | തദ്ദേശ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ